"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം -തോൽപ്പെട്ടി റെയിഞ്ചിൽ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായി ജോലി നോക്കിയിരുന്ന ശ്രീ.വി.എ.ഷെബിനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - പുതിയ അന്വേഷണ അധികാരിയെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.232/2023/F&WLD തീയതി,തിരുവനന്തപുരം, 14-06-2023

---

പരാമർശം:-
1. 09.06.2022-ലെ സ.ഉ (സാധാ)250/2022/F&WLD നമ്പർ ഉത്തരവ്
2. 14.03.2023-ലെ ശ്രീ.ജോഷിൽ.എം., അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDFLR/626/2022-E നമ്പർ കത്ത്.
3. 26.05.2023-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/5500/2022-ADMIN/B9 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വയനാട് വന്യജീവി ഡിവിഷനിലെ തോൽപ്പെട്ടി റെയിഞ്ചിൽ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായി ജോലി നോക്കിയിരുന്ന ശ്രീ.ഷെബിൻ.വി.എ. കൃത്യനിർവ്വഹണത്തിൽ തുടർച്ചയായ ഉത്തരവാദിത്വമില്ലായ്മയും, അച്ചടക്ക ലംഘനവും നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തില് ശ്രീ.ഷെബിൻ.വി.എ. , അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിന് കോഴിക്കോട് (സോഷ്യൽ ഫോറസ്ട്രി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എം.ജോഷിലിനെ അന്വേഷണാധികാരിയായും, വടകര (സോഷ്യൽ ഫോറസ്ട്രി) റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.വി.ബിജേഷ് കുമാറിനെ പ്രസെന്റിങ് ഓഫീസറായും നിയമിച്ച് കൊണ്ട് പരാമർശം ( 1 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) മേൽ ഔപചാരിക അന്വേഷണവുമായി ബന്ധപ്പെട്ട് 07.12.2022-ന്ന കോഴിക്കോട് മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ നടന്ന സാക്ഷി വിസ്താരത്തിലും ക്രോസ്സിനിടയിലും കുറ്റാരോപിതനായ ശ്രീ.ഷെബിൻ.വി.എ അന്വേഷണ അധികാരിയോട് അസഭ്യം പറയുകയും പ്രസെന്റിങ് ഓഫീസറെ കൈയേറ്റം ചെയുകയും സാക്ഷികളെ ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നും ഈ സംഭവത്തിൽ മാറാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തതെന്നും, തുടർന്ന് ശ്രീ.ഷെബിനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ

സാഹചര്യത്തിൽ ടിയാൻ അന്വേഷണ അധികാരിയായി തുടരുകയാണെങ്കിൽ വീണ്ടും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ ഇടയുണ്ടെന്നും കൂടാതെ കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ ടിയാനെതിരെ വിവേചന പരമായി പെരുമാറി എന്ന് കാണിച്ച് വിവിധ അധികാര കേന്ദ്രങ്ങളിൽ പരാതി ഉന്നയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ടിയാൻ അന്വേഷണ അധികാരിയായി തുടരുന്നത് ഉചിതമല്ലെന്നും ,ആയതിനാൽ അന്വേഷണ അധികാരിയുടെ ചുമതലയിൽ നിന്നും മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. ജോഷിൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു. ആയതു ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അംഗീകരിക്കുകയും പുതിയ അന്വേഷണോദ്യോഗസ്ഥനെ ശുപാർശ ചെയ്യുകയും ചെയ്തു.

3) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ച പരാമർ ശം (1) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ടി കേസിൽ ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി ശ്രീ.ജോസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്റ്ററി) , വയനാടിനെ നിയമിച്ചുകൊണ്ടും വടകര (സോഷ്യൽ ഫോറസ്ട്രി) റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീവി.ബിജേഷ് കുമാറിനെ പ്രസെന്റിങ് ഓഫീസറായി നിലനിർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEETHA S LAKSHMI
UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജോസ് മാത്യു, അസിസ്റ്റന്റ് കൺസർവേറ്റർ

ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്റ്ററി), വയനാട്

ശ്രീ.എം.ജോഷിൽ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,

കോഴിക്കോട് (സോഷ്യൽ ഫോറസ്ട്രി)

ശ്രീ.വി.ബിജേഷ് കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

വടകര (സോഷ്യൽ ഫോറസ്ട്രി)

ശ്രീ.ഷെബിൻ.വി.എ., അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shaji A M
Date: 15-06-2023 10:48:32